No. CEE/2601/PG Ayurveda-2020/TA1

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

# വിജ്ഞാപനം

## പി. ജി. ആയുർവ്വേദ (എം.ഡി.ആയുർവ്വേദ) കോഴ്സുകളിലേയ്ക്കുള്ള പ്രവേശനം 2020-21

1. തിരുവനന്തപുരത്തും, തൃപ്പൂണിത്തുറയിലും, കണ്ണൂരിലുമുള്ള സർക്കാർ ആയുർവ്വേദ കോളേജുകളിലും, കോട്ടയ്ക്കൽ, ഒല്ലൂർ എന്നീ എയ്ഡഡ് ആയുർവ്വേദ കോളേജുകളിലും മറ്റ് സ്വാശ്രയ ആയുർവ്വേദ കോളേജുകളിലും താഴെ പറയുന്ന ആയുർവ്വേദ ബിരുദാനന്തര ബിരുദ കോഴ്സുകളിലെ 2020–21 അദ്ധ്യയന വർഷത്തെ പ്രവേശനത്തിന് AIAPGET-2020 യോഗ്യത നേടിയ വിദ്യാർത്ഥികളിൽ നിന്നും അപേക്ഷകൾ ക്ഷണിച്ചു കൊള്ളുന്നു.

1. കായചികിത്സ,
2. ശാലകൃതന്ത്രം,
3. രസശാസ്ത്രഭൈഷജ്യ കല്പനം
4. ദ്രവ്യഗുണ വിജ്ഞാനം,
5. സ്വസ്ഥവൃതം
6. പ്രസൂതി തന്ത്രവും സ്ത്രീരോഗവും,
7. ആയുർവ്വേദ സിദ്ധാന്തവും ദർശനവും
8. പഞ്ചകർമ്മ,
9. കൗമാരഭൃത്യ
10. ശല്യതന്ത്രം
11. മാനസിക വിജ്ഞാനം
12. അഗദതന്ത്രം,
13. ക്രിയാശാരീരം,
14. രോഗനിദാനം

2. <u>പ്രവേശനത്തിനുവേണ്ട യോഗ്യതകൾ:</u>

(i) **നേറ്റിവിറ്റി**: അപേക്ഷകൻ കേരളീയനായ ഇൻഡ്യൻ പൗരനായിരിക്കണം. (ഫോറിൻ ക്വാട്ടാ, ലക്ഷദ്വീപ് ക്വാട്ടാ ഒഴികെ)

(ii) **വിദ്യാഭ്യാസ യോഗ്യതകൾ**: സി.സി.ഐ.എം അംഗീകാരമുള്ള കോളേജുകളിൽ നിന്നോ കേരളത്തിലെ ഏതെങ്കിലും സർവ്വകലാശാലയിൽ നിന്നോ ലഭിച്ച അല്ലെങ്കിൽ കേരളത്തിലെ ഒരു സർവ്വകലാശാല തത്തുല്യമായി അംഗീകരിച്ചിട്ടുള്ള ബി.എ.എം.എസ്./ ആയൂർവ്വേദാചാര്യ/ ബി.എ.എം. ബിരുദം. അപേക്ഷകർ ഓരോ വിഷയത്തിലും തിയറിക്കും പ്രാക്ടിക്കൽ പരീക്ഷയ്ക്കും പ്രത്യേകമായി 50 ശതമാനത്തിൽ കുറയാതെ മാർക്ക് നേടിയിട്ടുള്ളവരായിരിക്കണം. എന്നാൽ 1995 നു മുമ്പ് കേരളത്തിലെ സർവ്വകലാശാലകളിൽ നിന്നും ബി.എ.എം.എസ്/ബി.എ.എം. പരീക്ഷ പാസ്സായിട്ടുള്ളവർക്ക് തിയറിക്കും പ്രാക്ടിക്കലിനും 50 ശതമാനം മാർക്ക് നേടണമെന്നുള്ള നിബന്ധനയില്ല. 31.12.2020 ന് മുൻപായി ഇന്റേൺഷിപ്പ് പരിശീലനം പൂർത്തിയാക്കുന്നവർക്ക് പ്രവേശനത്തിന് അപേക്ഷിക്കാവുന്നതാണ്. ഇവർ പ്രവേശനത്തിനു മുമ്പായി ബന്ധപ്പെട്ട മെഡിക്കൽ കൗൺസിലിൽ നിന്നുമുള്ള രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

(iii) **വയസ്സ്**: അപേക്ഷകർ 31/07/2020 ന് 45 വയസ്സ് കഴിയാത്തവരായിരിക്കണം. പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗക്കാർക്ക് 5 വർഷത്തെ വയസ്സിളവ് അനുവദിക്കുന്നതാണ്. സർവ്വീസ് ക്വാട്ടയിൽ അപേക്ഷിക്കുന്നവരിൽ അദ്ധ്യാപക ക്വാട്ടയിൽ ഉള്ളവർക്ക് 31/07/2020 ന് 50 വയസ്സും മെഡിക്കൽ ക്വാട്ടയിൽ ഉള്ളവർക്ക് 46 വയസ്സും കവിയാൻ പാടില്ല.

3. **പ്രവേശന രീതി** : ഐ.എസ്.എം. വകുപ്പിലെ മെഡിക്കൽ ഓഫീസർമാർ, ലക്ഷദ്വീപിൽ നിന്നുള്ള നോമിനികൾ, എന്നിവർക്കായി സംവരണം ചെയ്തിട്ടുള്ളതുൾപ്പെടെയുള്ള സീറ്റുകളിലേയ്ക്കുള്ള പ്രവേശനം ആൾ ഇന്ത്യാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആയുർവേദ (AIIA) 2020–ൽ നടത്തിയ പ്രവേശന പരീക്ഷ (AIAPGET-2020) –യുടെ റാങ്കിന്റെ അടിസ്ഥാനത്തിലായിരിക്കും. പ്രവേശന പരീക്ഷയിൽ ജനറൽ വിഭാഗക്കാർ 50 പെർസന്റയിലും എസ്.സി/എസ്.റ്റി/എസ്.സി.ബി.സി വിഭാഗക്കാർ 40 പെർസന്റയിലും ശാരീരിക വൈകല്യമുള്ള ജനറൽ വിഭാഗക്കാർ 45 പെർസന്റയിലും ശാരീരിക വൈകല്യമുള്ള എസ്.സി/എസ്.റ്റി/എസ്.സി.ബി.സി വിഭാഗക്കാർ 40 പെർസന്റയിലും മാർക്ക് നേടിയിരിക്കണം.

4. **ഓൺലൈൻ അപേക്ഷ സമർപ്പിക്കേണ്ട വിധം**: സർവ്വീസ് വിഭാഗക്കാർ ഉൾപ്പെടെയുള്ള എല്ലാ അപേക്ഷകരും **<u>www.cee.kerala.gov.in</u>** എന്ന പ്രവേശന പരീക്ഷാ കമ്മീഷണറുടെ വെബ്സൈറ്റ് മുഖാന്തിരം **ഓൺലൈനായി 29.12.2020 മുതൽ 03.01.2021 വൈകുന്നേരം 5 മണി വരെ അപേക്ഷകൾ** സമർപ്പിക്കേണ്ടതാണ്.

AIAPGET-2020-ൽ യോഗ്യത നേടിയ അപേക്ഷകർ (സർവ്വീസ് ക്വാട്ടയിലേയ്ക്ക് അപേക്ഷിക്കുന്നവർ ഉൾപ്പെടെ) ഓൺലൈനായി അപേക്ഷ സമർപ്പിക്കേണ്ടതാണ്. അപേക്ഷകൾ നിശ്ചിത ഫീസ് ഓൺലൈൻ പേയ്മെന്റായോ, ഇ–ചെലാൻ മുഖേനയോ അടയ്ക്കേണ്ടതാണ്. ഇ–ചെലാൻ വഴി ഫീസ് ഒടുക്കുന്നവർ ഓൺലൈനായി അപേക്ഷ സമർപ്പിക്കുമ്പോൾ ലഭിക്കുന്ന ഇ–ചെലാൻ ഉപയോഗിച്ച് പണമായി കേരള ത്തിലെ ഏതെങ്കിലും ഹെഡ് പോസ്റ്റാഫീസ്/സബ് പോസ്റ്റാഫീസുകളിൽ അടയ്ക്കേണ്ടതാണ്. ഫീസ് ഒടു ക്കിയ ശേഷം അപേക്ഷകന്റെ ഫോട്ടോ, ഒപ്പ്, സർട്ടിഫിക്കറ്റ്/മറ്റ് അനുബന്ധ രേഖകൾ എന്നിവ അപ്‌ലോഡ് ചെയ്യേണ്ടതാണ്.

സർവ്വീസ് ക്വാട്ടയിലേയ്ക്ക് അപേക്ഷിക്കുന്നവർ (ടീച്ചേഴ്സ് ക്വാട്ടാ ഉൾപ്പെടെ) ഓൺലൈൻ അപേക്ഷാ ഫോമിന്റെ പ്രിന്റൗട്ട് എടുത്ത് നിർദ്ദിഷ്ട സ്ഥാനത്ത് ഒപ്പിടുകയും, അപേക്ഷാ ഫോമിൽ മേലധി കാരിയുടെ നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് (NOC) ഉൾപ്പെടെയുള്ള ബന്ധപ്പെട്ട സർട്ടിഫിക്കറ്റുകൾ/അനു ബന്ധ രേഖകൾ സഹിതം **ഡയറക്ടർ, ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയം, ആരോഗ്യ ഭവൻ, എം.ജി.റോഡ്, തിരുവനന്തപുരം** എന്ന വിലാസത്തിൽ 03.01.2021 നകം സമർപ്പിക്കേണ്ടതാണ്.

ഐ.എസ്.എം. വകുപ്പിലെ മെഡിക്കൽ ഓഫീസർമാർ ഓൺലൈൻ അപേക്ഷാ ഫോമിന്റെ പ്രിന്റൗട്ട് എടുത്ത് നിർദ്ദിഷ്ട സ്ഥാനത്ത് ഒപ്പിടുകയും, അപേക്ഷാ ഫോമിൽ മേലധികാരിയുടെ നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് (NOC) ഉൾപ്പെടെയുള്ള ബന്ധപ്പെട്ട സർട്ടിഫിക്കറ്റുകൾ/അനുബന്ധ രേഖകൾ സഹിതം **കൺട്രോളിംഗ് ആഫീസർ, ഐ.എസ്.എം. ഡിപ്പാർട്ട്മെന്റ് വഴി ആയുർവ്വേദ ഡയറക്ടർ, ആരോഗ്യ ഭവൻ, എം.ജി.റോഡ്, തിരുവനന്തപുരം** എന്ന വിലാസത്തിൽ 03.01.2021 നകം സമർപ്പിക്കേണ്ടതാണ്.

ജനറൽ വിഭാഗക്കാർ (സർവ്വീസ് വിഭാഗക്കാർ ഉൾപ്പെടെ) **1000/– രൂപയും,** SC/ST വിഭാഗക്കാർ **500/-രൂപയും** ഒടുക്കേണ്ടതാണ്. ജനറൽ ക്വാട്ടയിലേയ്ക്ക് അപേക്ഷിക്കുന്ന സർവ്വീസ് വിഭാഗക്കാർ **1000/– രൂപ** അധികമായി ഒടുക്കേണ്ടതാണ്. ഒരിക്കൽ ഒടുക്കിയ ഫീസ് റീഫണ്ട് ചെയ്യുന്നതല്ല. പ്രോസ്പെക്ടസ് **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

5. **ഓൺലൈൻ അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതിയും സമയവും:** ബിരുദാനന്തര ബിരുദ ആയുർവേദ 2020 കോഴ്സിലേയ്ക്ക് അപേക്ഷിക്കുന്നവർ ഓൺലൈനായി സമർപ്പിച്ച അപേക്ഷയോടൊപ്പം പ്രോസ്പെക്ടസ് ക്ലോസ് **9.2.4** ൽ സൂചിപ്പിച്ചിട്ടുള്ള സർട്ടിഫിക്കറ്റ്/അനുബന്ധ രേഖകൾ എന്നിവ **03.01.2021 വൈകുന്നേരം 5 മണി**യ്ക്ക് മുൻപായി അപ്‌ലോഡ് ചെയ്യേണ്ടതാണ്. ഓൺലൈൻ അപേക്ഷ യുടെ പ്രിന്റൗട്ടിന്റെ കോപ്പി കൈവശം സൂക്ഷിക്കേണ്ടതാണ്.
6. ഓൺലൈനായി അപേക്ഷ സമർപ്പിച്ചതിനു ശേഷം സർട്ടിഫിക്കറ്റ്/അനുബന്ധ രേഖകൾ പുതുതായി ഉൾപ്പെടുത്താൻ അനുവദിക്കുന്നതല്ല.
7. അപേക്ഷ സമർപ്പിക്കുന്നതിന് മുമ്പ് അപേക്ഷാർത്ഥികൾ www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമായ പ്രോസ്പെക്ടസിലെ വിശദാംശങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.

**അപേക്ഷയുടെ പ്രിന്റൗട്ട്, സർട്ടിഫിക്കറ്റ്/മറ്റ് അനുബന്ധ രേഖകൾ എന്നിവ പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയത്തിലേയ്ക്ക് അയക്കേണ്ടതില്ല.**

ഹെൽപ്പ് ലൈൻ നമ്പർ: **0471 22525300**

തിരുവനന്തപുരം
29.12.2020

**പ്രവേശന പരീക്ഷാ കമ്മീഷണർ**